**മധുരമായ കുട്ടികളേ- നിങ്ങൾക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിച്ചു, നിങ്ങൾ ത്രികാലദർശിയായി എന്നാൽ ഈ അലങ്കാരങ്ങൾ ഇപ്പോൾ നിങ്ങൾക്ക് നല്കാൻ സാധിക്കില്ല കാരണം നിങ്ങൾ പുരുഷാർത്ഥികളാണ്.**

**ചോദ്യം:-** ഗൃഹസ്ഥത്തിലിരുന്ന് കർമ്മം തീർച്ചയായും ചെയ്യണം എന്നാൽ ഏതൊരു കാര്യത്തിൽ ശ്രദ്ധിക്കണം?
**ഉത്തരം:-** കർമ്മം ചെയ്തും, വ്യവഹാരത്തിൽ വന്നും അന്നത്തിന്റെ പത്ഥ്യം വളരെ പാലിക്കണം. പതിതരുടെ കൈകൾ കൊണ്ടുണ്ടാക്കിയത് കഴിക്കരുത്, സ്വയത്തെ സംരക്ഷിക്കണം. കർമ്മ സന്യാസിയാകരുത് എന്നാൽ തീർച്ചയായും പത്ഥ്യം പാലിക്കണം. നിങ്ങൾ കർമ്മയോഗിയാണ്. കർമ്മം ചെയ്തു കൊണ്ടും ബാബയുടെ ഓർമ്മയിലിരിക്കൂ എങ്കിൽ വികർമ്മം വിനാശമാകും.

**ഓം ശാന്തി**. ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുന്നു. ആരെങ്കിലും ഗീത കേൾപ്പിക്കുമ്പോൾ പറയാറുണ്ട്- യദാ യദാഹി.... എപ്പോളെപ്പോൾ ധർമ്മത്തിന് ഗ്ലാനി സംഭവിക്കുന്നുവൊ, അധർമ്മത്തിന്റെ വൃദ്ധിയുണ്ടാകുന്നുവൊ അപ്പോൾ ഭഗവാൻ വരുന്നു. ധർമ്മത്തിന് ഗ്ലാനിയുണ്ടാകുന്നു. ഗ്ലാനി അർത്ഥം നിന്ദ..... അപ്പോൾ ഭാരതത്തിൽ ധർമ്മത്തിന് ഗ്ലാനിയും അധർമ്മത്തിന്റെ വൃദ്ധിയുമുണ്ടാകുന്നു. ഈ അവസ്ഥയാകുമ്പോഴാണ് ഞാൻ വരുന്നത്. വളരെ ദുഃഖമാണ്, മൃത്യു തൊട്ടു മുന്നിലുണ്ട്. വിനാശത്തിന് വേണ്ടി മിസൈലുകളും തയ്യാറായിട്ടുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ബാബ വന്നിരിക്കുകയാണ്, ആദി സനാതന ദേവീ ദേവതാ ധർമ്മത്തിന്റെ സ്ഥാപന ചെയ്യുന്നതിന്. ബ്രഹ്മാവിലൂടെ സ്ഥാപന, ശങ്കരനിലൂടെ വിനാശം, വിഷ്ണുവിലൂടെ പാലന.... ഈ മൂന്നു കർത്തവ്യങ്ങളും ഇപ്പോൾ നടന്നു കൊണ്ടിരിക്കുന്നു.

ഇപ്പോൾ നിങ്ങൾ ബ്രാഹ്മണരാണ്, മനസ്സിലാക്കി നമ്മളിപ്പോൾ ബ്രാഹ്മണരിൽ നിന്നും ദേവതയായികൊണ്ടിരിക്കുന്നു. ഇപ്പോൾ ശിവബാബയുടെ പേരക്കുട്ടികളാണ്. ശിവബാബയുടെ ഒരു കുട്ടിയിൽ നിന്നും എത്ര കുട്ടികൾ ഉണ്ടാകുന്നു. പതിതരെ പാവനമാക്കുന്നതിനുള്ള സേവനമാണ് നിങ്ങൾ ചെയ്തു കൊണ്ടിരിക്കുന്നത്. ഇതാണ് പരിധിയില്ലാത്ത യജ്ഞം. യജ്ഞത്തിൽ മുഴുവൻ പഴയ ലോകം സ്വാഹാ ആയിരുന്നു. ഈ യജ്ഞത്തിന് ശേഷം പിന്നെ മറ്റൊരു യജ്ഞവും ഉണ്ടാകുകയില്ല. സത്യയുഗത്തിലും ത്രേതായുഗത്തിലും ആരും യജ്ഞം രചിക്കുന്നതേയില്ല. യജ്ഞം രചിക്കുന്നത് തന്നെ വിഘ്നങ്ങളെയില്ലാതാക്കുന്നതിനാണ്. ഇത് വളരെ വലിയ വിഘ്നമാണ്, അതിനാൽ ഇതിന് വേണ്ടി വളരെ വലിയ യജ്ഞം വേണം. ഇതാണ് പരിധിയില്ലാത്ത യജ്ഞം. ഇതിൽ പഴയ ലോകത്തിന്റെ സാമഗ്രികൾ മുഴുവനും സ്വാഹാ ആകണം. രുദ്രൻ അഥവാ ശിവബാബ ഒന്നേയുള്ളൂ. ശിവബാബയുടെ രൂപം പോലെയാണ് രുദ്രന്റേയും രൂപം. കൃഷ്ണൻ സാകാരിയാണ്, ഇതിന്റെ സത്യം സത്യമായ പേര് തന്നെയാണ് ശിവജ്ഞാനയജ്ഞം. ശിവ ബാബ എന്ന് പറയുന്നു, രുദ്ര ബാബ എന്നു പറയാറില്ല. ഭോലാഭണ്ഡാരിയെന്ന് ശിവബാബയെയാണ് പറയുന്നത്. ഇതാണ് ശിവബാബയുടെ യജ്ഞം. ഇതിൽ നിന്ന് നമുക്ക് സൃഷ്ടിയുടെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം ലഭിച്ചു കൊണ്ടിരിക്കുന്നു. നിങ്ങൾക്കറിയാം നമുക്ക് ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം ലഭിക്കുന്നു. ദേവതകൾക്ക് മൂന്നാമത്തെ നേത്രം കാണിക്കുന്നുണ്ടല്ലോ. എന്നാൽ ഇതാണ് നിങ്ങൾ ബ്രാഹ്മണർക്ക് ലഭിക്കുന്ന ജ്ഞാനത്തിന്റെ മൂന്നാമത്തെ നേത്രം, അതിലൂടെ നിങ്ങൾ ദേവതയായി തീരുന്നു. അവിടെ മൂന്നാമത്തെ നേത്രത്തിന്റെ ആവശ്യമില്ല. എന്നാൽ നിങ്ങൾക്കത് നല്കാൻ സാധിക്കില്ല, കാരണം നിങ്ങൾ പുരുഷാർത്ഥിയാണ്. പോകുന്തോറും വിട്ട് പോകുന്നു, അതിനാൽ അവസാന റിസൾട്ടിൽ വരുന്നവർക്കാണ് ഈ അലങ്കാരങ്ങൾ കാണിക്കുന്നത്. ഇല്ലായെങ്കിൽ ദേവതമാർക്ക് ശംഖ്, ചക്രം.. ഇതിന്റെയൊന്നും ആവശ്യമില്ല. ഈ സൃഷ്ടി ചക്രത്തിന്റെ ആദി മദ്ധ്യ അന്ത്യത്തിന്റെ ജ്ഞാനം നിങ്ങളെ കേൾപ്പിച്ചു കൊണ്ടിരിക്കുന്നു. അവർ ശാസ്ത്രങ്ങളിൽ കാണിച്ചിരിക്കുന്നു- സ്വദർശന ചക്രത്തിലൂടെ ഇന്നവരെ കൊന്നു, ഇന്നത് ചെയ്തു. ബാബ പറയുന്നു- ഞാൻ പതിതരെ പാവനമാക്കാനാണ് വരുന്നത്, ഇതിൽ ഹിംസയുടെ കാര്യമേയില്ല. ദേവതമാരുടേത് അഹിംസയാണ് പരമോന്നതമായ ധർമ്മം. കൃഷ്ണൻ എങ്ങനെയൊക്കെ ഹിംസ ചെയ്തുവെന്ന് എഴുതിയിരിക്കുന്നു. എങ്ങനെയുള്ള വിചിത്രമായ ചിത്രങ്ങളാണ് ഉണ്ടാക്കിയിട്ടുള്ളത്. അവിടെ തന്നെ ഗീത കേൾപ്പിക്കുന്നു, രാജയോഗം പഠിപ്പിക്കുന്നു, അവിടെ തന്നെ മറ്റുള്ളവരെ കൊല്ലുന്നുമുണ്ട്. ബാബയെ ഓർമ്മിക്കുന്നത് പതിത ലോകത്തെ പാവനമാക്കാനാണ്, രാജയോഗം പഠിപ്പിക്കാനാണ്. ബാബ പറയുന്നു- ജ്ഞാന സാഗരൻ , നോളേജ്ഫുൾ ഞാനാണ്. നിങ്ങൾക്ക് ജ്ഞാനം ലഭിച്ചു കൊണ്ടിരിക്കുന്നു, ഇതിനെ തന്നെയാണ് അമരകഥയെന്നു പറയുന്നത്. അവർ ശിവ ശങ്കരനെ ഒന്നായി പറയുന്നു. ശങ്കരൻ സൂക്ഷ്മ വതനവാസി, ശങ്കരന് എങ്ങനെ കഥ കേൾപ്പിക്കാൻ സാധിക്കും? ശങ്കരനെ

നോളേജ്ഫുൾ എന്ന് പറയില്ല. ശിവബാബ ആർക്കും അറിയാത്ത, മുഴുവൻ സൃഷ്ടി ചക്രത്തിന്റെ രഹസ്യം മനസ്സിലാക്കി തരുന്നു, നാഥനായ ബാബയെ മനസ്സിലാക്കാത്തത് കാരണമാണ് അനാഥരായി തീർന്നത്. കലഹിക്കുന്നു, വഴക്കിടുന്നു. സത്യയുഗത്തിൽ ഒരു വഴക്കും ഉണ്ടാകില്ല. കരച്ചിലും, നിലവിളിയും.....ഇല്ല. അതിനാൽ മോഹത്തെ ജയിച്ച രാജാവിന്റെ കഥ കേൾപ്പിക്കുന്നു. കഥ അനവധിയുണ്ട്. ഓരോ ധർമ്മ ത്തിലും പല പ്രകാരത്തിലുള്ള കഥകളുണ്ട്, അതെല്ലാം ഭക്തി മാർഗ്ഗത്തിലെ സാമഗ്രികളാണ്. ഭക്തി ചെയ്യു ന്നത് ഭഗവാനെ ലഭിക്കുന്നതിനാണ്. അര കല്പം ഭക്തി ചെയ്തു വന്നു. ഭഗവാനെ ആർക്കും ലഭിച്ചില്ല. ഇപ്പോൾ ബാബ കുട്ടികൾക്ക് പരിചയം നല്കി. നിങ്ങൾ മറ്റുള്ളവർക്ക് നല്കണം. അച്ഛനെ പ്രത്യക്ഷമാക്കു ന്നത് മക്കളാണ്......അതിനാൽ ബാബയുടെ പരിചയം നല്കി സർവ്വരെയും ജ്ഞാനം കേൾപ്പിക്കുന്നുണ്ടോ.

നിങ്ങൾ ഒരോ കുട്ടിയുടെ ബുദ്ധിയിലുണ്ട്- ശിവബാബ നമ്മുടെ ആത്മീയ അച്ഛനാണ്. ഇത് ഭക്തി മാർഗ്ഗ ത്തിലുള്ളവർക്ക് മനസ്സിലാക്കി കൊടുക്കണം- നിങ്ങൾക്ക് രണ്ട് അച്ഛനുണ്ട്- ഒന്ന് ലൗകീക അച്ഛൻ, രണ്ട് പാരലൗകീക അച്ഛൻ, ബാബയെയാണ് ഗോഡ്ഫാദർ എന്നു പറയുന്നത്, ബാബയാണ് പരിധിയില്ലാത്ത രചനയെ രചിച്ചത്. ബാബയിൽ നിന്നും തീർച്ചയായും സമ്പത്ത് ലഭിക്കും. ബാബ സ്വർഗ്ഗം രചിക്കുന്നവനാ ണ്. ഭാരതം സ്വർഗ്ഗമായിരുന്നു. ഈ ലക്ഷ്മീ നാരായണന്റെ രാജ്യമുണ്ടായിരുന്നു. അവർക്ക് ഈ രാജ്യം ആര് നല്കി? കലിയുഗത്തിന്റെ അന്ത്യത്തിൽ ആരും വിശ്വത്തിന്റെ അധികാരിയല്ല. ഇതാണ് രാവണന്റെ രാജ്യം, സ്വയം പറയുന്നു- നമുക്ക് രാമ രാജ്യം, പുതിയ ദില്ലിയിൽ ദൈവീക രാജ്യം വേണം. രാമ രാജ്യ മാണ് സത്യ ത്രേതായുഗം. രാവണ രാജ്യമാണ് ദ്വാപര കലിയുഗം. ദ്വാപരയുഗം മുതലാണ് ഭക്തി മാർഗ്ഗം ആരംഭിക്കുന്നത്. വികാരങ്ങളും ആരംഭിക്കുന്നു, അതിന്റെ ലക്ഷണങ്ങളും കാണിക്കുന്നുണ്ട്. ജഗന്നാഥ പുരി ക്ഷേത്രത്തിൽ ദേവതമാരുടെ നഗ്ന ചിത്രങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. കിരീടം, സിംഹാസനം ഇവ അത് തന്നെയാണ്, കേവലം ചിത്രം മാത്രം വികാരിയായി കാണിക്കുന്നു. ദേവതമാർ വാമ മാർഗ്ഗത്തിലേക്ക് പോകുമ്പോൾ ഭൂമി കുഴഞ്ഞു മറിയുക പോലും ചെയ്യുന്നു. സ്വർണ്ണത്തിന്റെയും വജ്രങ്ങളുടെയും കൊട്ടാരം ഭൂമിക്കടിയിലേക്ക് പോകുന്നു. പൂജയ്ക്ക് വേണ്ടി ഭക്തി മാർഗ്ഗത്തിൽ എത്ര വലിയ ക്ഷേത്രങ്ങളാണ് ഉണ്ടാ ക്കിയിരിക്കുന്നത്. നിങ്ങൾ തന്നെ പൂജനീയർ, നിങ്ങൾ തന്നെ പൂജാരി. ബാബ മനസ്സിലാക്കി തരുന്നു- ഞാൻ പൂജാരിയാകുന്നില്ല. ഞാൻ ആകുകയാണെങ്കിൽ, എന്നെ ആര് പൂജനീയനാക്കും? ഞാൻ പതിതവു മാകുന്നില്ല, ആക്കുന്നുമില്ല. പതിതമാക്കുന്നത് രാവണനാണ്, രാവണനെ കത്തിച്ചു വരുന്നു. ഈ സമയത്ത് പാപാത്മാക്കളുടെ ലോകമാണ്. പാടാറുണ്ട്- പതിത പാവനാ വരൂ, പിന്നെ പറയുന്നു- പതിത പാവന സീതാരാം. പെട്ടെന്ന് ത്രേതായിലെ രാമന്റെ ഓർമ്മ വരുന്നു. ആ രാമൻ പതിത പാവനനല്ല. ബാബ ഇതെല്ലാം മനസ്സിലാക്കി തരുന്നു. നിങ്ങൾ സർവ്വരും സീതമാരാണ്, ദ്രൗപദിമാരാണ്. ഒരാളുടെ മാത്രം കാര്യമല്ല. ദ്രൗപദിക്ക് 5 പതിമാർ ഉള്ളതായി കാണിക്കുന്നു, അങ്ങനെയുള്ള കാര്യമേയില്ല. ഭാരതം തന്നെയായി രുന്നു പ്രാചീന പവിത്രമായ ഖണ്ഡം കാരണം പതിത പാവനനായ പരമപിതാ പരമാത്മാവിന്റെ ജന്മഭൂമി യാണ്. ബാബ ഇവിടെ വന്ന് പതിത നരകവാസികളെ ഉദ്ധരിച്ചു. സർവ്വ ധർമ്മത്തിലുള്ളവർ ഗോഡ്ഫാദ റിനെ ഓർമ്മിക്കുന്നു കാരണം സർവ്വരും തമോപ്രധാനമാണ്. ഇബ്രാഹിം, ബുദ്ധൻ എന്നിവർ ഈ സമ യത്ത് ഇവിടെ ഹാജരാണ്. ആദ്യത്തെ നമ്പറിൽ വരുന്ന ബ്രഹ്മാവും പതിത ലോകത്തിലാണ്, ഇപ്പോൾ ബാക്കിയുള്ളവർക്ക് എങ്ങനെ തിരികെ പോകാൻ സാധിക്കും. സർവ്വരും ഈ സമയത്ത് ശ്മശാനഭൂമിയി ലാണ്. ബാബ വന്ന് സർവ്വർക്കും ഗതി സത്ഗതി നല്കുന്നു. സത്യയുഗത്തിൽ ഭാരതം പവിത്രമായിരുന്നു. ദേവതമായുടെ മുന്നിൽ പാടുന്നുണ്ട്- അങ്ങ് സർവ്വ ഗുണ സമ്പന്നനാണ്, സമ്പൂർണ്ണ നിർവ്വികാരിയാണ്.... നമ്മൾ വികാരിയാണ്. ഈ സമയത്ത് സർവ്വരും വികാരികളാണ്. സർവ്വരെയും നിർവ്വികാരികളാക്കാൻ ബാബയ്ക്ക് വരേണ്ടിയിരിക്കുന്നു. അപ്പോൾ പതിത പാവൻ ബാബയായില്ലേ, അല്ലാതെ ജലത്തിന്റെ നദി കളല്ല. പതിത പാവനനായ ജ്ഞാന സാഗരനനിൽ നിന്നും ഉത്ഭവിച്ച ജ്ഞാന ഗംഗകളാണ്. ശിവ ശക്തി സേനയാണ്. ശിവനിൽ നിന്നും ജ്ഞാനത്തിന്റെ കലശം ലഭിക്കുന്നു. ബാബ പറയുന്നു- കുട്ടികളെ, ഗൃഹ സ്ഥത്തിലിരുന്നും പവിത്രമാകൂ, കർമ്മം തീർച്ചയായും ചെയ്യണം. ഇതാണ് കർമ്മയോഗം. കർമ്മ സന്യാസം ചെയ്യാൻ സാധിക്കില്ല. അവർ മനസ്സിലാക്കുന്നു- വീട്ടിൽ ഭക്ഷണം ഉണ്ടാക്കുന്നില്ല, ഭിക്ഷ യാചിച്ച് ജീവി ക്കുന്നു അതിനാൽ കർമ്മ സന്യാസിയാണ് എന്ന്. അവർ ദരിദ്രരാണ്. അന്നം വികാരികളുടേതാണ് വയറ്റി ലേക്കാണ് പോകുന്നത്, അതിനാൽ അന്ന ദോഷം ഉണ്ടാകുന്നു. പതിതമായ വീട്ടിൽ നിന്ന് പുറത്ത് പോകു ന്നെങ്കിലും വീണ്ടും ജന്മം പതിത വീട്ടിൽ തന്നെ എടുക്കേണ്ടി വരുന്നു. നിങ്ങൾക്കും അന്നത്തിന്റെ പ്രഭാവം ഉണ്ടാകും. അതിനാലാണ് പത്ഥ്യം വെച്ചിരിക്കുന്നത്. പതിതരുടെ അന്നം ഭക്ഷിക്കരുത്. എത്രത്തോളം സാധിക്കുന്നുവൊ സ്വയത്തെ സംരക്ഷിക്കൂ. ചിലർക്ക് വളരെ വഴക്കുകളും നേരിടേണ്ടിവരുന്നു. ഒരു സഹോദരൻ ജ്ഞാനത്തിൽ വരുന്നു, മറ്റൊരാൾ വരുന്നില്ല.. അങ്ങനെയും ഉണ്ടാകുന്നു. ഇത്രയും പരിധി യില്ലാത്ത രാജ്യമാണ് നേടുന്നത് അതിനാൽ തീർച്ചയായും എന്തെങ്കിലും വഴക്കുകൾ ഉണ്ടാകും. ഏതൊരു പരിതസ്ഥിതിയിലും നിങ്ങൾ സ്വയത്തെ സംരക്ഷിക്കണം. മുക്തി ആരും പ്രാപ്തമാക്കുന്നില്ല. പൊങ്ങച്ചം

പറഞ്ഞു കൊണ്ടിരിക്കുന്നു– ജ്യോതി ജ്യോതിയിൽ പോയി ലയിച്ചു ചേരും എന്ന്. മനസ്സിലാക്കി മനസ്സിലാക്കി അവസാനം ഈ കാര്യം ശരിയാണെന്ന് അവരുടെ ബുദ്ധിയിൽ വരും. സത്യയുഗത്തിന്റെ ആയുസ്സ് ലക്ഷകണക്കിന് വർഷമായിരുന്നെങ്കിൽ സംഖ്യ വളരെ വർദ്ധിച്ചേനെ. ഇപ്പോൾ സംഖ്യ കുറച്ചേയുള്ളൂ കാരണം മറ്റ് ധർമ്മങ്ങളിലേക്ക് പരിവർത്തനപ്പെട്ടു പോയി. ദേവതാ ധർമ്മത്തിലുള്ളവർ സൂര്യവംശികളാണ്. രാമനെ ക്ഷത്രിയനായിട്ടാണ് കാണിച്ചിരിക്കുന്നത്. ഇപ്പോൾ നിങ്ങൾ ആത്മീയ ക്ഷത്രിയരാണ്. മായയുടെ മേൽ വിജയം നേടുന്നു, ഇത് മനസ്സിലാക്കാൻ വളരെ ബുദ്ധി വേണം. യോഗവും വളരെ സഹജമാണ്. ആത്മാക്കളുടെ യോഗം പരമപിതാ പരമാത്മാവുമായിട്ടാണ്. യോഗാശ്രമങ്ങൾ അനവധിയുണ്ട് എന്നാൽ അതെല്ലാം ഹഠയോഗമാണ് ചെയ്യിപ്പിക്കുന്നത്. പരമപിതാ പരമാത്മാവുമായി യോഗം വെയ്ക്കൂ എന്ന് പറയുന്നില്ല. നിങ്ങൾ കുട്ടികൾക്കറിയാം– ബാബയെ നമുക്ക് ദല്ലാളിന്റെ രൂപത്തിൽ ലഭിച്ചു. പറയുന്നു– എന്നെ മാത്രം ഓർമ്മിക്കൂ എങ്കിൽ അഴുക്കില്ലാതാകും. ഓർമ്മിച്ച് ഓർമ്മിച്ച് നിങ്ങൾ മുക്തിധാമിലേക്ക് പോകും.

ബാബ മനസ്സിലാക്കി തരുന്നു– കുട്ടികളേ ലോകത്തിന്റെ സ്ഥിതി നോക്കൂ, എന്തായിയെന്ന്. വിശ്വത്തിന്റെ അധികാരിയായിരുന്ന നിങ്ങൾ ഇപ്പോൾ ദരിദ്രരായി വീണ്ടും ദരിദ്രരിൽ നിന്നും രാജകുമാരനാകണം. ഭാരതം ദരിദ്ര ദേശമാണ്. പതിത രാജാക്കൻമാർ പാവന മഹാരാജാ മഹാറാണിയുടെ ക്ഷേത്രമുണ്ടാക്കി പൂജിക്കുന്നു. നിരാകാരനായ ശിവബാബയുടെ പൂജ ചെയ്യുന്നു. തീർച്ചയായും ബാബ എന്തോ ചെയ്തിട്ടുണ്ട്. എത്ര ക്ഷേത്രങ്ങളുണ്ട്. ഇപ്പോൾ നിങ്ങൾക്കറിയാം 5000 വർഷങ്ങൾക്ക് മുമ്പും വന്ന് രാജയോഗം പഠിപ്പിച്ചിരുന്നു. നിങ്ങൾ അനേക പ്രാവശ്യം രാജ്യം നേടി, നഷ്ടപ്പെടുത്തി. ഇപ്പോൾ വീണ്ടും ശാന്തിധാമം സുഖധാമത്തെ ഓർമ്മിക്കൂ, ദുഃഖധാമത്തെ മറക്കൂ. ഇതെല്ലാം നശിക്കേണ്ടതാണ്. വീണ്ടും നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയായി തീരും. ബാബ പറയുന്നു– ഞാൻ നിങ്ങളുടെ പരിധിയില്ലാത്ത അച്ഛനുമാണ്, നിങ്ങൾക്ക് പരിധിയില്ലാത്ത സമ്പത്ത് നല്കാൻ വന്നിരിക്കുന്നു. നിങ്ങളുടെ ഹൃദയത്തിൽ സന്തോഷമുണ്ട്, നമ്മൾ നമ്മുടെ രാജധാനി ശ്രീമതമനുസരിച്ച് സ്ഥാപിച്ചു കൊണ്ടിരിക്കുന്നു. എന്നാൽ സർവ്വതും ഗുപ്തമാണ്. രാവണന്റെ മേൽ വിജയം നേടണം. പാടാറുണ്ട്– മായജീത്ത് ജഗത്ജീത്ത്. 5 വികാരങ്ങളുടെ മേൽ വിജയം നേടണം. 5 വികാരങ്ങളെ സന്യസിക്കണം. തോണിക്കാരൻ ഒരേയൊരു ബാബയാണ്. സർവ്വരുടെയും സത്ഗതി ചെയ്യുന്ന സത്ഗുരുവില്ലാതെ ഘോരഅന്ധകാരമാണ്. ഭാരതത്തിൽ ഗുരുക്കൻമാർ അനവധിയുണ്ട്. ഓരോ സ്ത്രീയുടെ പതിയും ഗുരുവാണ്. എന്നിട്ടും ഇത്രയും ദുർഗതി എന്തുകൊണ്ടുണ്ടായി? പറയുന്നു സർവ്വതും ഈശ്വരന്റെ രൂപമാണ് എന്ന്. ഞാൻ ഈശ്വരനാണ്. പിന്നെ യോഗം ആരുമായി വെയ്ക്കും? അങ്ങനെയെങ്കിൽ ഭക്തി നിർത്തലാകും. പിന്നെ ഹേ ഭഗവാനേ എന്ന് പറഞ്ഞ് ആരെയാണ് വിളിക്കുന്നത്? ആരെ പൂജിക്കുന്നു? ഈശ്വരൻ സ്വയം ഒരിക്കലും രോഗിയാകുന്നില്ല. എന്നാൽ ഇതൊന്നും ചോദിക്കുന്നവർ ആരുമില്ല. ശാപം കിട്ടുമോ എന്നോർത്ത് ഭയക്കുന്നു. വാസ്തവത്തിൽ ശാപം നല്കുന്നത് രാവണനാണ്. ബാബ സമ്പത്താണ് നല്കുന്നത്. രാവണൻ ശത്രുവാണ് അതിനാലാണ് കത്തിച്ചു കൊണ്ടിരിക്കുന്നത്. ലക്ഷ്മീ നാരായണന്റെ ചിത്രം കത്തിക്കാറുണ്ടോ? കത്തിക്കാറേയില്ല. രാവണൻ എന്താണെന്ന് ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായി. സത്യയുഗത്തിൽ പാവന പ്രവൃത്തിയിൽ സുഖമായിരുന്നു. ഇപ്പോൾ പതിത പ്രവൃത്തിയിൽ ദുഃഖമാണ്. ഇപ്പോൾ ഇതിന്റെ വിനാശം ഉണ്ടാകണം. നിങ്ങൾ കാണും ഭൂമികുലുക്കമൊക്കെ ഉണ്ടായിക്കൊണ്ടിരിക്കും. ബാബയും എത്ര കാലം ഇങ്ങനെയിരുന്ന് പഠിപ്പിക്കും? പരിധിയിയുണ്ടല്ലോ. രാജധാനി സ്ഥാപിതമാകും വിനാശമുണ്ടാകും. അന്ത്യത്തിൽ നിങ്ങൾ വളരെ രസകരമായ കാര്യങ്ങൾ കാണും, ആരംഭത്തിലുള്ളതിനേക്കാൾ കൂടുതൽ. അത് പാക്കിസ്ഥാനായിരുന്നു. ഇപ്പോൾ വിനാശ സമയമാണ്. നിങ്ങളെ ബാബ വളരെയധികം കാണിച്ചു തരും. നല്ല രീതിയിൽ പഠിക്കാത്ത കുട്ടികൾക്ക് ഉള്ളിൽ പ്രയാസമുണ്ടാകും. എന്ത് ചെയ്യാൻ സാധിക്കും? ഇപ്പോൾ എത്ര പുരുഷാർത്ഥം ചെയ്യാൻ ആഗ്രഹിക്കുന്നുവൊ അത്രയും ചെയ്യൂ, കുട്ടികളെയും സംരക്ഷിക്കുക തന്നെ വേണം. ഭീരുക്കളാകരുത്. ഓരോ ചുവടും ശ്രീമതമനുസരിച്ച് നടക്കണം. ബാബയെ ഓർമ്മിച്ചു കൊണ്ടിരിക്കണം. ഇതിൽ തന്നെയാണ് പരിശ്രമമുള്ളത്. പാപങ്ങളുടെ ഭാരം ശിരസ്സിൽ നിന്നും എങ്ങനെ ഇറക്കും? അതിനാണ് സഹജ യോഗം. ഇതാണ് ജ്ഞാന ബലം, യോഗബലം, ഇതിലൂടെ മായയുടെ മേൽ വിജയം നേടി വിശ്വത്തിന്റെ അധികാരിയായി തീരുന്നു. ശരി.

വളരെക്കാലത്തെ വേർപാടിന് ശേഷം തിരികെ ലഭിച്ച മധുര–മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണയും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

**ധാരണക്കുള്ള മുഖ്യ സാരം:-**

1) ശ്രീമതമനുസരിച്ച് ജ്ഞാന യോഗ ബലത്തിലൂടെ മായയുടെ മേൽ വിജയം പ്രാപ്തമാക്കണം. വിനാശത്തിന് മുൻപേ തന്റെ വികർമ്മങ്ങളെ ഭസ്മമാക്കണം.

2) പരിധിയില്ലാത്ത രാജ്യം നേടുന്നതിന് ഓരോ കാര്യത്തിലും സ്വയത്തെ സംരക്ഷിക്കണം. അന്നദോഷത്തിൽ നിന്നും സ്വയത്തെ വളരെ സംരക്ഷിക്കണം.

## വരദാനം:- സംഗമയുഗത്തിന്റെ മഹത്വത്തെ അറിഞ്ഞ് സ്നേഹത്തിന്റെ അനുഭൂതികളിൽ ലയിക്കുന്ന സമ്പൂർണ്ണ ജ്ഞാനി-യോഗിയായി ഭവിക്കൂ

സംഗമയുഗം പരമാത്മാ സ്നേഹത്തിന്റെ യുഗമാണ്. ഈ യുഗത്തിന്റെ മഹത്വത്തെ അറിഞ്ഞ് സ്നേഹത്തിന്റെ അനുഭൂതികളിൽ ലയിക്കൂ. സ്നേഹത്തിന്റെ സാഗരൻ സ്നേഹത്തിന്റെ വജ്ര മുത്തുക്കളുടെ തളിക നിറച്ച് നൽകിക്കൊണ്ടിരിക്കുകയാണ്, അതിനാൽ സ്വയത്തെ സദാ സമ്പൂർണ്ണമാക്കൂ. അൽപമായ അനുഭവങ്ങളിൽ സന്തുഷ്ടരാകരുത്, സമ്പന്നമാകൂ. ഈ പരമാത്മാ സ്നേഹത്തിന്റെ വജ്രവും-മുത്തും അമൂല്യമാണ്, ഇതിനാൽ സദാ അലങ്കരിക്കപ്പെട്ട് കഴിയൂ എന്തുകൊണ്ടെന്നാൽ ഈ സ്നേഹം തന്നെയാണ് യോഗം, സ്നേഹത്തിൽ ലയിക്കുന്നത് തന്നെയാണ് സമ്പൂർണ്ണ ജ്ഞാനം. ഇങ്ങനെയുള്ള ആത്മീയ സ്നേഹത്തിന്റെ അനുഭവം സദാ ചെയ്യുന്നവർ തന്നെയാണ് സമ്പൂർണ്ണ ജ്ഞാനി-യോഗികൾ.

## സ്ലോഗൻ:- ആരാണോ വ്യർത്ഥത്തിന്റെ ഫീലിംങിൽ നിന്ന് ഉപരി കഴിയുന്നത് അവരാണ് മായാജീത്താകുന്നത്.